പതിനഞ്ചാം കേരള നിയമസഭ

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
(2023-2026)

ഏഴാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-2026)

ഏഴാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	34

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

(2023-2026)

സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ്.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ .

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി.

മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-2026)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ 9-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

പി. സി. വിഷ്ണുനാഥ്,
അദ്ധ്യക്ഷൻ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2024 ജൂലൈ 10.

റിപ്പോർട്ട്

അദ്ധ്യായം - 1

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019) 2018 ഏപ്രിൽ 3-ാം തീയതി നിയമസഭയിൽ സമർപ്പിച്ച ഒന്നാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകളിന്മേലും, നിർദ്ദേശങ്ങളിന്മേലും അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത റിപ്പോർട്ട് 29-6-2018-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയുടെ കടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 29-11-2017-ന് തീയതി തെളിവെടുപ്പ് നടത്തിയതിന്റെയും വകുപ്പിൽ നിന്ന് ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്ന റിപ്പോർട്ടായിരുന്നു ഇത്.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്ത് സമിതി റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് വ്യവസായ വകുപ്പ് ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളും രണ്ടാം ഭാഗത്ത് ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളും ബന്ധപ്പെട്ട ഭരണ വകുപ്പുകളോടുള്ള സമിതിയുടെ നിർദ്ദേശങ്ങളും സമിതിയുടെ വിലയിരുത്തലും ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം - 2

ഭാഗം - I

സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

1. **കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് & കെമിക്കൽസ് ലിമിറ്റഡ്**

   സിഡ്കെൽ ടെലിവിഷൻസ് ലിമിറ്റഡ്

   സ്റ്റേട്ടെക്സ് കേരള ലിമിറ്റഡ്

   കെൽടോൺ കൗണ്ടേഴ്സ് ലിമിറ്റഡ്

   കെൽടോൺ പവർ ഡിവൈസസ് ലിമിറ്റഡ്

   കെൽടോൺ റെക്റ്റിഫൈസ് ലിമിറ്റഡ്

ശിപാർശ

കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് & കെമിക്കൽസ് ലിമിറ്റഡ്, സിഡ്കെൽ ടെലിവിഷൻസ് ലിമിറ്റഡ്, സ്റ്റേട്ടേഴ്സ് കേരള ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്കുഫൈസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചതെന്നാണെന്നും പ്രവർത്തനം നിലച്ച വർഷം വരെയുള്ള ആഡിറ്റിംഗ് പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ ഇത്രയും കാലതാമസം വരാൻ കാരണമെന്താണ്, എന്നത്തേക്ക് പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കാൻ കഴിയും എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ ലിക്വിഡേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവ പൂർത്തീകരിച്ച് സ്ഥാപനങ്ങളെ കമ്പനി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് എന്നത്തേക്ക് കഴിയും എന്നത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 20)

സ്വീകരിച്ച നടപടി

1. **കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് & കെമിക്കൽസ് ലിമിറ്റഡ്:-**

18-1-2011-ലെ സർക്കാർ ഉത്തരവ് G.O.(Ms.) No. 13/2011/ND. പ്രകാരം ഈസി എക്സിറ്റ് സ്കീം 2011 മുഖേന രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തു. കമ്പനികളുടെ കണക്കുകൾ ആഡിറ്റ് ചെയ്ത വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ട് ഉപയോഗിച്ചാണ് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തിട്ടുള്ളത്.

2. **സ്റ്റേറ്റ്സ് കേരള ലിമിറ്റഡ്:-**

09.01.2011-ലെ സർക്കാർ ഉത്തരവ് G.O.(Ms.)No.18/2011/IND പ്രകാരം ഈസി എക്സിറ്റ് സ്കീം 2011 മുഖേന രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തു. കമ്പനികളുടെ കണക്കുകൾ ആഡിറ്റ് ചെയ്ത വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ട് ഉപയോഗിച്ചാണ് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തിട്ടുള്ളത്.

3. **കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് കമ്പനി:-**

29-5-2006 മുതൽ കമ്പനികളുടെ രേഖകൾ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമാണ്. ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കയ്യിൽ നിന്നും വിട്ട് കിട്ടുവാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ രജിസ്ട്രാർ ഓഫ് കമ്പനീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. 2001-02 വർഷം വരെയുള്ള അക്കൗണ്ട്സ് പൂർത്തിയായിട്ടുണ്ട്.

4. **കെൽട്രോൺ റക്റ്റിഫയേഴ്സ് ലിമിറ്റഡ് കമ്പനി:-**

15-12-2006 മുതൽ കമ്പനിയുടെ രേഖകൾ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമാണ്. ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കയ്യിൽ നിന്നും വിട്ട് കിട്ടുവാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് രജിസ്ട്രാർ ഓഫ് കമ്പനീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. 1999-2000 വർഷം വരെയുള്ള അക്കൗണ്ട്സ് പൂർത്തിയായിട്ടുണ്ട്.

5. **സിഡ്കെൽ ടെലിവിഷൻ ലിമിറ്റഡ്:-**

രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുവാൻ വേണ്ടി ഫാസ്റ്റ് ട്രാക്ക് എക്സിറ്റ് സ്കീം പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. ഇതിനു അനുമതി നൽകി ക്കൊണ്ടുള്ള സർക്കാർ ഉത്തരവ് G.O.(Ms.)No. 170/2015/ID. dated. 15-12-2015 ലഭ്യമായിട്ടുണ്ട്. 1999-2000 വർഷം വരെയുള്ള അക്കൗണ്ട്സ് പൂർത്തിയായിട്ടുണ്ട്.

6. **കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്:-**

രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുവാൻ വേണ്ടി ഫാസ്റ്റ് ട്രാക്ക് എക്സിറ്റ് സ്കീം പദ്ധതി പ്രകാരം അപേക്ഷ നൽകുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരികയാണ്. ഇതിനു അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് G.O.(Ms.)No.21/2019/ID dated. 26-2-2019 ലഭ്യമായിട്ടുണ്ട്. 2002-03 വർഷം വരെയുള്ള അക്കൗണ്ട്സ് പൂർത്തിയായിട്ടുണ്ട്.

2. **ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്**

<u>ശ്രദ്ധിപാർശ</u>

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 23)

<u>സ്വീകരിച്ച നടപടി</u>

സ്ഥാപനത്തിന്റെ 2017-18 വരെയുള്ള റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2022-23 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

3. **കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)**

ശിപാർശ

കിൻഫ്രയുടെ 2016-17-ലെ റിപ്പോർട്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 25)

സ്വീകരിച്ച നടപടി

കിൻഫ്രയുടെ 2020-21-ലെ റിപ്പോർട്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കി സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ കിൻഫ്രയുടെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

4. തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡ്

ശിപാർശ

എന്നാൽ നാളിതുവരെ റിപ്പോർട്ട് സമർപ്പിക്കുകയോ റിപ്പോർട്ട് സമർപ്പിക്കാൻ വൈകുന്നതിനുള്ള കാരണം സമിതിയെ അറിയിക്കുകയോ ചെയ്യാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ ലിക്വിഡേഷൻ പീരിഡിലുള്ള റിപ്പോർട്ടുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത റിപ്പോർട്ടുകൾ എന്നത്തേക്ക് സമർപ്പിക്കാൻ കഴിയുമെന്നതും സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കി അടിയന്തരമായി സമിതിയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 28, 29)

സ്വീകരിച്ച നടപടി

2002-03 മുതൽ ലിക്വിഡേഷനിലായിരുന്ന കമ്പനിയുടെ ലിക്വിഡേഷൻ പ്രോസ്സസ് 2013-ൽ ബഹു. ഹൈക്കോടതി ക്യാൻസൽ ചെയ്യുകയും തുടർന്ന് കമ്പനി സി & എ.ജി.-യെ സമീപിച്ച് 2014-15 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിനെ നിയമിക്കുകയും ഓഡിറ്റിംഗ് ജോലികൾ നടന്നുവരികയുമാണ്. 2003-04 മുതൽ 2006-2007 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്യുകഴിഞ്ഞു. 2003-04 മുതൽ 2006-2007 വരെയുള്ള കണക്കുകളിന്മേലുള്ള

വാർഷിക പൊതുയോഗം 31-1-2019-ൽ ചേർന്നതായും ഉടൻതന്നെ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ 2018-19 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ:-

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-19)-യുടെ 29-11-2017-ന് നടന്ന തെളിവെടുപ്പ് വേളയിൽ തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ 2002-03 വരെയുള്ള റിപ്പോർട്ടുകളായിരുന്നു സഭയിൽ സമർപ്പിക്കപ്പെട്ടിരുന്നത്. 2002-03 മുതൽ കമ്പനി ലിക്വിഡേഷനിലായിരുന്നുവെന്നും 2013-ൽ കമ്പനിയുടെ ലിക്വിഡേഷൻ ഹൈക്കോടതി ക്യാൻസൽ ചെയ്യുകയുണ്ടായെന്ന് സമിതി മനസ്സിലാക്കുന്നു. സ്ഥാപനത്തിന്റെ റിപ്പോർട്ട് കടിശ്ശിക ഇല്ലാതാക്കുന്നതിന് ഖണ്ഡിക 28, 29 പ്രകാരവും കത്തുകൾ മുഖാന്തരവും നിർദ്ദേശം നൽകിയിരുന്നതിന് 7 വർഷം കൊണ്ട് സ്ഥാപനത്തിന്റെ 2018-19 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയ നടപടിയിൽ സമിതി അഭിനന്ദനം അറിയിക്കുന്നതിനോടൊപ്പം ഇതേ രീതിയിലുള്ള പ്രവർത്തനത്തിലൂടെ സ്ഥാപനത്തിന്റെ കടിശ്ശിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പണം കൃത്യമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

5. **കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്**

ശിപാർശ

തെളിവെടുപ്പ് യോഗത്തിനു ശേഷം കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന്റെ 2014-15 -ലെ വാർഷിക റിപ്പോർട്ടും കണക്കുകളും സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി 19-1-2018-ൽ ലഭ്യമാക്കുകയും 30-1-2018-ൽ സഭയുടെ മേശപ്പുറത്തു വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിനൊപ്പം ലഭിച്ച കാലതാമസപത്രിക പരിശോധിച്ചതിൽ റിപ്പോർട്ട് വകുപ്പിന് ലഭിച്ച് നാല് മാസം കഴിഞ്ഞതിന് ശേഷമാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന് സമിതി കണ്ടെത്തി. ഇത്തരം കാലതാമസം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ വ്യവസായ വകുപ്പ് സെക്രട്ടറി തലത്തിൽ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വകുപ്പിൽ നൽകിയ 2015-16-ലെ റിപ്പോർട്ട് നാളിതുവരെ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല. കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന്റെ കടിശ്ശികയുള്ള റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും മേലിൽ ഇത്തരം കാലതാമസം വരുത്തരുതെന്നും സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് 3-1-2018-ലാണ് സർക്കാരിന് ലഭിച്ചത്. എന്നാൽ അതുമായി ബന്ധപ്പെട്ട കാലതാമസ പത്രികയിൽ സർക്കാരിൽ ലഭിച്ച തീയതി 14.09.2017 എന്ന് രേഖപ്പെടുത്തിയാണ് സമിതിയ്ക്ക് നൽകിയത്. പ്രസ്തുത തീയതി കെൽട്രോൺ ഇലക്ട്രോ സെറാമിക്സിൽ നിന്നും വാർഷിക റിപ്പോർട്ട് കെ.എസ്സ്.ഇ.ഡി.സി.യ്ക്ക് നൽകിയ തീയതിയായിരുന്നു. യഥാർത്ഥത്തിൽ പ്രസ്തുത വാർഷിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് 3-1-2018-നാണ്. ആയത് 19-1-2018-ന് തന്നെ സമിതിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മനഃപൂർവ്വമല്ലാതെ പറ്റിപ്പോയ തെറ്റ് ക്ഷമിക്കണമെന്ന് സമിതിയോട് അഭ്യർത്ഥിക്കുന്നു. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിന്റെ 2015-16-ലെ വാർഷിക റിപ്പോർട്ട് സർക്കാരിൽ ലഭിച്ചത് 2-5-2018-ലാണ്. ആയത് 22-5-2018-ൽ സമിതിക്ക് സമർപ്പിക്കുകയും പ്രസ്തുത ഫയലിലെ നടപടിക്രമം സമിതിയുടെ 24-4-2019-ലെ 2996/സി.പി.എൽ 1/2018/നി.സെ.യുടെ കത്ത് പ്രകാരം അവസാനിപ്പിച്ചതായി വ്യവസായ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2016-17-ലെ വാർഷിക റിപ്പോർട്ട് 3-4-2019-ന് സർക്കാരിൽ ലഭിച്ചത് 17-4-2019-ൽ സമിതിയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

6. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ശിപാർശ

2010-11 മുതലുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിന്റെ കടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതിനായി ഒരു സമയപ്പട്ടിക തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കണമെന്നും അതുപ്രകാരം റിപ്പോർട്ട് സമർപ്പിക്കപ്പെടുന്നുണ്ടെന്ന് ഭരണ വകുപ്പ് ഉന്നതതലത്തിൽ ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 36)

സ്വീകരിച്ച നടപടി

കടിശ്ശികയില്ലാത്തതാകുന്നു.

നിലവിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

7. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

2011-12, 2012-13 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് വകുപ്പിൽ നൽകിയിട്ടും നാളിതുവരെ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ വകുപ്പിൽ നൽകുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നതിൽ വളരെയേറെ കാലതാമസം വരുത്തുന്നതിന്റെ കാരണം അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2011-12 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി സമയപട്ടിക തയ്യാറാക്കി റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 39)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് 2011-12, 2012-13 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ കാലതാമസത്തിനു കാരണമായ വിശദാംശങ്ങൾ വ്യക്തമാക്കാതെ അച്ചടിച്ച റിപ്പോർട്ടുകൾ മാത്രമാണ് സർക്കാരിൽ ലഭ്യമാക്കിയത്. റിപ്പോർട്ട് വൈകുന്നതിന് ആധാരമായ വസ്തുതകൾ സ്ഥാപനം സമർപ്പിക്കാത്തത് കാരണം, കാലതാമസ പത്രിക തയ്യാറാക്കുന്നതിനും റിപ്പോർട്ട് ഉടൻ തന്നെ നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിനും കയർ വികസന വകുപ്പിന് കഴിഞ്ഞില്ല. കണക്കുകളുടെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച് അംഗീകാരം നേടി ആയത് അച്ചടിച്ച് സർക്കാരിൽ ലഭ്യമാക്കുന്നതിന് നേരിട്ട കാലതാമസം വ്യക്തമായി റിപ്പോർട്ട് ചെയ്യാത്തതിനാൽ കാലതാമസപത്രിക വസ്തുതാപരമായി തയ്യാറാക്കാൻ സാധിച്ചിരുന്നില്ല. ഒരു സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം ഓഡിറ്റ് പൂർത്തിയാക്കി വാർഷിക പൊതുയോഗം അംഗീകരിച്ച കണക്കുകളും റിപ്പോർട്ടും സർക്കാരിൽ ലഭ്യമാക്കാൻ പൊതുമേഖലാ സ്ഥാപനത്തിന് ബാധ്യതയുണ്ട്. ന്യായമായ കാരണങ്ങളാൽ ആയത് കഴിയാതെ വന്നാൽ കാലതാമസം നേരിട്ടതിന്റെ വിശദാംശങ്ങൾ സഹിതം അച്ചടിച്ച റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ന്യായയുക്തം എന്ന് ബോധ്യമായ ശേഷം മാത്രമേ തുടർനടപടികളിലേയ്ക്ക് കടക്കാൻ ഭരണ വകുപ്പ് എന്ന നിലയിൽ സാധിക്കുകയുള്ളൂ. ഇക്കാരണങ്ങൾ കൊണ്ട് കാലതാമസ പത്രിക സൂക്ഷ്മമായി തയ്യാറാക്കേണ്ട ഉത്തരവാദിത്വം ഭരണ വകുപ്പിൽ വന്നുചേർന്നു. പഴക്കമേറിയ സാമ്പത്തിക വർഷങ്ങളിലെ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ, ആയതിനു ഇടവരുത്തിയ വസ്തുതകൾ വ്യക്തമായി തയ്യാറാക്കാൻ കയർ കോർപ്പറേഷന് കഴിഞ്ഞിരുന്നില്ല. വളരെയേറെ തിരുത്തലുകൾ വരുത്തിയാണ്

കാലതാമസം നേരിട്ടതിനുള്ള കാരണങ്ങൾ കമ്പനിയ്ക്ക് തയ്യാറാക്കാൻ സാധിച്ചത്. പ്രസ്തുത കാലയളവിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് ഫിനാൻസ് മാനേജരുടെ സേവനം ലഭ്യമല്ലാതെ വന്നതാണ് കമ്പനി ഇത്തരത്തിൽ പ്രയാസം അഭിമുഖീകരിക്കാൻ ഇടവന്ന സാഹചര്യം. മേൽ വിവരിച്ച കാരണങ്ങളാലാണ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ 2011-12, 2012-13 വർഷങ്ങളിലെ അച്ചടിച്ച റിപ്പോർട്ടും കണക്കുകളും, ഭരണ വകുപ്പിൽ നിന്നും നിയമസഭ മുമ്പാകെ കാലതാമസ പത്രിക സഹിതം സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ ബോധപൂർവമായ വീഴ്ച വകുപ്പിൽ നിന്നും സംഭവിച്ചിട്ടില്ല എന്ന് ബോധിപ്പിച്ചുകൊള്ളുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2011-12, 2012-13 വർഷങ്ങളിലെ അച്ചടിച്ച റിപ്പോർട്ടും കണക്കുകളും കാലതാമസ പത്രിക സഹിതം യഥാക്രമം 3-8-2018, 4-8-2018 തീയതികളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിട്ടുണ്ട്. കടിശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതിന്, ഓഡിറ്റ് നടപടികൾ സമയക്രമം നിശ്ചയിച്ച് പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം സർക്കാർ 31-10-2018-ൽ തന്നെ കയർ കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക കണക്കുകൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

8. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ)

ശിപാർശ

കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ (സിഡ്കോ) റിപ്പോർട്ട് സമർപ്പണത്തിനുണ്ടായ കാലതാമസം സംബന്ധിച്ച് വ്യവസായ വകുപ്പ് സെക്രട്ടറി ഒരു വിശദമായ റിപ്പോർട്ട് സമിതി മുമ്പാകെ ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 44)

വ്യവസായ വകുപ്പിന്റെ പരിധിയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ), കേരളത്തിലുടനീളം വിവിധ തലത്തിൽ ചെറുകിട വ്യവസായ പ്രവർത്തനം നടത്തുന്ന സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കൺസ്ട്രക്ഷൻ ഡിവിഷൻ, മാർക്കറ്റിംഗ് ഡിവിഷൻ, റോ മെറ്റീരിയൽ ഡിവിഷൻ, ഇൻഫർമേഷൻ ടെക്നോളജി ആന്റ് ടെലികമ്മ്യൂണിക്കേഷൻ ഡിവിഷൻ, എക്സ്പോർട്ട് ഇംപോർട്ട് ആന്റ് പ്രോജക്ട് ഡിവിഷൻ, ട്രേഡിംഗ് ഡിവിഷൻ, സെയിൽസ് ഡിവിഷൻ, കൺസൾട്ടൻസി ആന്റ് ട്രെയിനിംഗ് ഡിവിഷൻ, പ്രൊഡക്ഷൻ ഡിവിഷൻ (9 പ്രൊഡക്ഷൻ യൂണിറ്റ്) എന്നിങ്ങനെ ഉള്ള വ്യത്യസ്ത തലങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. ഇങ്ങനെയുള്ള വ്യത്യസ്ത തരത്തിലുള്ള ഡിവിഷനുകളിലായി പ്രവർത്തിച്ചു വരുന്ന സിഡ്കോയുടെ അക്കൗണ്ട്സ് ബൃഹത്തും, സങ്കീർണ്ണവുമാണ്.

മേൽപറഞ്ഞ വൈവിധ്യങ്ങളായതും, 67-ഓളം യൂണിറ്റുകളുമുള്ള സിഡ്കോയുടെ ഓഡിറ്റിനായി 2012-13 മുതൽ 2015-16 വരെ മെ. ധൻ & കോ. ചാർട്ടേർഡ് അക്കൗണ്ടന്റ് എന്ന സ്ഥാപനത്തെയാണ് അക്കൗണ്ടന്റ് ജനറൽ നിയമിച്ചിരുന്നത്. ഈ കാലഘട്ടത്തിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കാൻ പ്രസ്തുത സ്ഥാപനം 8 വർഷ കാലയളവ് എടുത്തു. പ്രസ്തുത കാലയളവിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സ് ഓഡിറ്റ് പൂർത്തീകരിക്കുവാൻ വന്ന കാലതാമസമാണ് നിലവിലെ കാലതാമസത്തിനു കാരണം.

തുടർന്ന്, അക്കൗണ്ടന്റ് ജനറൽ നിയമിച്ച ചാർട്ടേഡ് അക്കൗണ്ടന്റായ മെ. ജാക്ക് & അസോസിയേറ്റ്സ്, 2015-16 മുതൽ 2018-19 വരെയുള്ള 4 വർഷത്തിലെ ഓഡിറ്റ് 2 വർഷം കൊണ്ട് പൂർത്തീകരിച്ചു. അതു കഴിഞ്ഞു അക്കൗണ്ടന്റ് ജനറൽ നിയമിച്ച മെ.അനന്തൻ & സുന്ദരം, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് 2019-20, 2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റ് 6 മാസം കൊണ്ട് പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

സിഡ്കോയുടെ കടിശ്ശികയായിട്ടുള്ള റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ച തീയതി ചുവടെ കൊടുക്കുന്നു.

വർഷം	വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ച തീയതി
2012-13	10-7-2019
2013-14	22-6-2021
2014-15	1-7-2022
2015-16	6-2-2023
2016-17	2-5-2023
2017-18	10-8-2023
2018-19	6-3-2024
2019-20	27-4-2024

2020-21 സാമ്പത്തിക വർഷം വരെ 2013-14 വരെയുള്ള ഓഡിറ്റ് മാത്രമാണ് പൂർത്തീകരിച്ചിരുന്നത്. തുടർന്ന് ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് അധിക പ്രാധാന്യം നൽകുകയും 2021-22 മുതൽ 2023-24 വരെയുള്ള കാലഘട്ടത്തിൽ 6 വർഷത്തെ (2014-15 മുതൽ 2019-20 വരെയുള്ള) ഓഡിറ്റ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

9. കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കടിശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 46)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 2020-21 വരെയുള്ള വർഷങ്ങളിലെ അക്കൗണ്ട്സും ഓഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് ഉടനെ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

10. ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്

ശിപാർശ

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ കടിശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിച്ച് റിപ്പോർട്ട് സമർപ്പണം കൃത്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 48)

സ്വീകരിച്ച നടപടി

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ 2019-20 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

11. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ റിപ്പോർട്ട് മാത്രമേ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ളൂ. സ്ഥാപനത്തിന്റെ 2013-14 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 50)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

സമിതിയുടെ തെളിവെടുപ്പ് വേളയിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13 വരെയുള്ള വാർഷിക റിപ്പോർട്ടുകളായിരുന്നു സഭയിൽ സമർപ്പിക്കപ്പെട്ടിരുന്നത്. എന്നാൽ അതിന് ശേഷം 6 വർഷം കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പണത്തിൽ കാര്യമായ പുരോഗതി ഉള്ളതായി കാണുന്നില്ല. നിലവിൽ സ്ഥാപനത്തിന് 2015-16 മുതൽ 8 വർഷത്തെ റിപ്പോർട്ട് കുടിശികയുള്ളതായി കാണുന്നു. സ്ഥാപനത്തിന്റെ റിപ്പോർട്ട് കുടിശിക ഇല്ലാതാക്കുന്നതിന് ഖണ്ഡിക 50, 103 എന്നിവ പ്രകാരം വ്യക്തമായ നിർദേശം നൽകിയിരുന്നെങ്കിലും പ്രസ്തുത നിർദേശം പാടെ അവഗണിച്ചതു മൂലമാണ് പ്രസ്തുത കുടിശിക തീർക്കുന്നതിൽ യാതൊരു പുരോഗതിയും കൈവരിക്കാൻ സാധിക്കാതിരുന്നതെന്ന് സമിതി വിലയിരുത്തുന്നു. റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ ഗൗരവം ഉൾക്കൊള്ളാതെയുള്ള വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ ഭാഗത്തുനിന്നുണ്ടായ ഇത്തരം അനാസ്ഥ നീതീകരിക്കാനാവില്ലെന്നും കുടിശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാൻ സെക്രട്ടറി തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

12. കേരള സ്റ്റേറ്റ് പാമിറ പ്രോഡക്ട്സ് ഡെവലപ്മെന്റ് & വർക്കേഴ്സ് വെൽഫയർ കോർപ്പറേഷൻ (കെൽപാം)

ശിപാർശ

ജീവനക്കാരില്ലെന്ന കാരണത്താൽ ഓഡിറ്റിംഗ് വൈകിക്കുന്നത് നീതീകരിക്കാനാവില്ലെന്നും കെൽപാമിന്റെ 2012-13 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 52)

സ്വീകരിച്ച നടപടി

കെൽപാമിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ടുകൾ 17-11-2018-ൽ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2013-14 ലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ഡിലെ സ്റ്റേറ്റ്മെന്റ് സഹിതം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. മുൻ കാലങ്ങളിലെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ ആ കാലഘട്ടത്തിലെ ജീവനക്കാർ വീഴ്ച വരുത്തിയിട്ടുള്ളതായി കാണാൻ

കഴിഞ്ഞു. നിർദേശാനുസരണം തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ, അതായത് 2014-15 ലെ വാർഷിക റിപ്പോർട്ടിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിൽ ചെറിയ പിശക് പറ്റിയതായി ഇന്റേണൽ ഓഡിറ്റർ കണ്ടെത്തുകയും പ്രസ്തുത തെറ്റ് പരിഹരിക്കുന്നതിലേക്ക് വേണ്ടി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ നേരിട്ട് കണ്ട വിവരങ്ങൾ ശേഖരിച്ച് ടി പ്രശ്നം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇന്റേണൽ ഓഡിറ്റിംഗും പൂർത്തിയാക്കി 2015-16, 2016-17 വരെയുള്ള റിപ്പോർട്ടുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനായി ഏല്പിച്ച് കഴിഞ്ഞു. തുടർന്നുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ഇന്റേണൽ ഓഡിറ്റിംഗ് സത്വരം നടക്കുന്നു. തുടർ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സത്വരം സമർപ്പിക്കുന്നതാണെന്ന് കെൽപാം അറിയിച്ചിട്ടുണ്ട്.

നിലവിൽ കെൽപാമിന്റെ 2018-19 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ട് 2018 ഏപ്രിൽ 3-ാം തീയതി നിയമസഭയിൽ സമർപ്പിച്ച സമയത്ത് കേരള സ്റ്റേറ്റ് പാമിറ പ്രോഡക്ട്സ് ഡെവലപ്മെന്റ് & വർക്കേഴ്സ് വെൽഫയർ കോർപ്പറേഷന്റെ (കെൽപാം) 2011-12 വരെയുള്ള റിപ്പോർട്ടുകളായിരുന്നു സഭയിൽ സമർപ്പിച്ചിരുന്നത്. നിലവിൽ സ്ഥാപനത്തിന് 4 വർഷത്തെ റിപ്പോർട്ട് കുടിശികയുണ്ട്. ജീവനക്കാരില്ലെന്ന കാരണത്താൽ ഓഡിറ്റ് വൈകിക്കുന്നത് നീതികരിക്കാനാവില്ലെന്നും സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് ഖണ്ഡിക 52 പ്രകാരം നിർദേശം നൽകിയിരുന്നെങ്കിലും പ്രസ്തുത നിർദേശം പാലിക്കുന്നതിൽ തികഞ്ഞ അലംഭാവമാണ് വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായത്. ഇത്തരം അനാസ്ഥയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം കുടിശിക തീർത്ത് റിപ്പോർട്ട് സമർപ്പണം കൃത്യമാക്കുവാൻ സ്ഥാപനങ്ങൾക്ക് നിർദേശം നൽകണമെന്നും ആയതിൽ വകുപ്പുകൾ കൂടുതൽ ജാഗ്രത പുലർത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

13. കേരള കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്

ശിപാർശ

കേരള കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ വകുപ്പിന് നൽകിയിട്ടും നാളിതുവരെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടില്ല. വ്യവസായ വകുപ്പിന് നൽകിയ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കാൻ ലഭ്യമാക്കാത്തതു വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയാണെന്നും ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ വകുപ്പ് സെക്രട്ടറി നിർദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 55)

2013-14 മുതലുള്ള റിപ്പോർട്ടുകൾ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചതുപ്രകാരം അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 56)

സ്വീകരിച്ച നടപടി

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 03.10.2017-ൽ സർക്കാരിൽ ലഭിക്കുകയും ആയത് പരിശോധിച്ച് കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുന്ന പത്രിക സഹിതം 02.11.2017-ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുകയും ചെയ്തു. ബോർഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 29.12.2017-ൽ സർക്കാരിൽ ലഭിക്കുകയും ആയതിന്റെ കാലതാമസ പത്രിക സഹിതം 03.02.2018-ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുകയും ചെയ്തു. കാലതാമസം നേരിട്ടത് സംബന്ധിച്ച് ബോർഡ് ആദ്യം നൽകിയ വിശദീകരണത്തിന്മേൽ ചില അധിക വിവരങ്ങൾ ആവശ്യപ്പെടേണ്ടി വരികയും ബോർഡ് ആയത് ലഭ്യമാക്കുകയും ചെയ്തു. ഈ നടപടികൾക്ക് വേണ്ടിവന്ന സമയം പരിഗണിച്ചാൽ ഇക്കാര്യത്തിൽ അനാസ്ഥ സംഭവിച്ചിട്ടില്ല. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ റിപ്പോർട്ടുകൾ നിയമസഭ മുമ്പാകെ സമർപ്പിക്കാനുള്ളതിൽ .നിലവിൽ കുടിശികയൊന്നും തന്നെയില്ല. (2022-23 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.)

14. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

ശിപാർശ

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 58)

സ്വീകരിച്ച നടപടി

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2017-18 വർഷത്തെ റിപ്പോർട്ട് മാത്രമാണ് കുടിശികയുള്ളത്.

നിലവിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

15. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

ശിപാർശ

20-11-2017-ൽ പൂർത്തിയാക്കിയ 2013-14 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ട് ജനുവരിയിൽ ലഭ്യമാക്കാമെന്നറിയിച്ചിട്ടും നാളിതുവരെ സഭയുടെ മേശപ്പുറത്തു വയ്ക്കുവാനായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിലെ ആഡിറ്റ് അടിയന്തരമായി പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിച്ച് റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 60)

സ്വീകരിച്ച നടപടി

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ 2013-14, 2014-15, 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷത്തിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി വാർഷിക റിപ്പോർട്ടുകൾ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു.

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

16. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

2014-15, 2015-16, 2016-17 വർഷത്തെ ആഡിറ്റിംഗ് ഒന്നിച്ചാണ് നടക്കുന്നതെന്നും പ്രസ്തുത റിപ്പോർട്ടുകൾ ഏപ്രിൽ-ജൂൺ മാസത്തിനുള്ളിൽ തന്നെ സമർപ്പിക്കുന്നതാണെന്ന് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഉദ്യോഗസ്ഥൻ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചതുപ്രകാരം സ്ഥാപനം റിപ്പോർട്ടുകൾ തയ്യാറാക്കിയാൽ ഭാവിയിൽ കടിശിക വരുന്നത് ഒഴിവാക്കാമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2013-14 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 61)

സ്വീകരിച്ച നടപടി

കാഡ്കോയുടെ 2013-14, 2014-15 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലെ സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭ മുമ്പാകെ സമർപ്പിക്കുവാനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

2015-16, 2016-17 വർഷങ്ങളിലെ വാർഷിക കണക്കുകളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് 2019 ഒക്ടോബർ അവസാന വാരത്തോടെ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി എം.ഡി. അറിയിച്ചിട്ടുണ്ട്.

നിലവിൽ കാഡ്കോയുടെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

17. കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

ശിപാർശ

കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ 2014-15 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 63)

സ്വീകരിച്ച നടപടി

കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ 2014-15 മുതൽ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. (2020-21-ലെ വാർഷിക റിപ്പോർട്ടും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്)

സമിതിയുടെ വിലയിരുത്തൽ

സമിതിയുടെ തെളിവെടുപ്പ് വേളയിൽ കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ 2014-15 മുതൽ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് ഖണ്ഡിക 63 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. നിലവിൽ സ്ഥാപനത്തിന്റെ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും 2018-19, 2019-20 വർഷത്തെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ ഇടർച്ച വേണമെന്നും മുൻ വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശിക വരുത്തുന്ന പ്രവണത അവസാനിപ്പിക്കണമെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുവാൻ ഒരു സമയക്രമം നിശ്ചയിക്കണമെന്നും സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

18. ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്

ശിപാർശ

ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന്റെ 2014-15 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 66)

സ്വീകരിച്ച നടപടി

ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 10-7-2018-ലും, 2015-16-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 9-10-2018-ലും, 2016-17-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 6-5-2019-ലും, കമ്പനി ലഭ്യമാക്കിയ വിശദീകരണങ്ങൾ പരിശോധിച്ച് തയ്യാറാക്കിയ കാലതാമസ പത്രിക സഹിതം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി) പ്രകാരം കണക്കുകളും റിപ്പോർട്ടും അടിയന്തരമായി നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചുകൊണ്ട് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് 13-12-2019-ലെ കത്തിലൂടെ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ടും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

19. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

ശിപാർശ

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 68)

സ്വീകരിച്ച നടപടി

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2017-18 വർഷത്തെ റിപ്പോർട്ട് മാത്രമാണ് കടിശികയുള്ളത്.

നിലവിൽ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

20. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

ശിപാർശ

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2016-17 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 70)

സ്വീകരിച്ച നടപടി

2015-16-ലെ ഓഡിറ്റ് പൂർത്തിയായി തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. 2016-17-ലെ ഓഡിറ്റ് ജനുവരി 2019 അവസാനവാരം തുടങ്ങുന്നതായി അറിയിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പുതിയ ഇ.ആർ.പി. പാക്കേജ് വന്നതിനാൽ അക്കൗണ്ടിംഗ് കാലതാമസം വന്നിരുന്നുവെന്നാലും 31.03.2019-ന് മുമ്പായി കണക്ക് രേഖപ്പെടുത്തുന്നതാണ്.

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2019-20 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

സമിതിയുടെ തെളിവെടുപ്പ് വേളയിൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ റിപ്പോർട്ട് കടിശിക ഇല്ലാതാക്കുന്നതിന് ഖണ്ഡിക 70 പ്രകാരം നിർദേശം നൽകിയിരുന്നെങ്കിലും 2019-20 വരെയുള്ള വാർഷിക റിപ്പോർട്ടുകളാണ് ഇതുവരേയ്ക്കും ലഭ്യമാക്കിയിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിയണമെന്നും സ്ഥാപനത്തിന്റെ റിപ്പോർട്ട് കടിശിക പൂർത്തീകരിക്കുവാൻ വകുപ്പ് തലത്തിൽ അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

21. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

ശിപാർശ

29-11-2017-ലെ തെളിവെടുപ്പ് യോഗത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിരുന്ന 2014-15-ലെ റിപ്പോർട്ട് ഇതുവരെ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാത്തതിന്റെ വ്യക്തമായ കാരണവും 2014-15 മുതലുള്ള കടിശിക റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 72)

സ്വീകരിച്ച നടപടി

മുൻ മാനേജിംഗ് ഡയറക്ടറുടെ കാലഘട്ടത്തിലുള്ള കണക്കുകളിന്മേൽ വിജിലൻസ് എൻക്വയറി ഉണ്ടായതിനാൽ 2014-15-ലെ കണക്കുകളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കാൻ വൈകുകയും അതിനാൽ പിന്നീടുള്ള വർഷങ്ങളിലെ ഓഡിറ്റ് നീണ്ടുപോവുകയുമാണ് ഉണ്ടായത്. 2014-15, 2015-16, 2016-17, 2017-18 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് കാലതാമസപത്രിക സഹിതം യഥാക്രമം 5-6-2018, 25-9-2021, 15-3-2022, 23-4-2022 തീയതികളിൽ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

22. കേരള ആട്ടോകാസ്റ്റ് ലിമിറ്റഡ്

ശിപാർശ

ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 2015-16 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 74)

സ്വീകരിച്ച നടപടി

ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 2015- 16, 2016-17 എന്നീ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാക്രമം 26-5-2018, 5-2-2019 എന്നീ തീയതികളിൽ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

നിലവിൽ ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

23. കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2015-16 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 76)

സ്വീകരിച്ച നടപടി

കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2015-16-ലെ റിപ്പോർട്ട് 23-4-2018-ൽ ഡിലെ സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2016-17-ലെ

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായി വരുന്നുവെന്നും സി ആൻഡ് എ.ജി-യുടെയും ധനകാര്യ വകുപ്പിന്റെയും കമന്റ്സ് ലഭിക്കുന്ന മുറയ്ക്ക് വാർഷിക പൊതുയോഗം കൂടി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും എം.ഡി .അറിയിച്ചിട്ടുണ്ട്.

കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2022-23 വരെയുള്ള വാർഷിക റിപ്പോർട്ടും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

24 കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)

ശിപാർശ

സുരഭിയുടെ 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 78)

സ്വീകരിച്ച നടപടി

സുരഭിയുടെ 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ട് 30.11.2018-ൽ ഡിമെന്റ് സഹിതം നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

സമിതിയുടെ തെളിവെടുപ്പ് വേളയിൽ കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (സുരഭി) റിപ്പോർട്ട് കടിശിക ഇല്ലാതാക്കുന്നതിന് ഖണ്ഡിക 78 പ്രകാരവും കത്തുകൾ മുഖാന്തരവും നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തെളിവെടുപ്പിനു ശേഷം 6 വർഷമായിട്ടും 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കിയതായി കാണുന്നുള്ളൂ. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ നിഷേധാത്മക സമീപനം സ്വീകരിക്കുന്നത് വകുപ്പുകൾക്ക് ഭൂഷണമല്ലെന്ന് സമിതി നിരീക്ഷിച്ചു. റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കണമെന്ന് ചട്ടങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചട്ടം പാലിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം സ്ഥാപനത്തിന്റെ 2017-18 മുതലുള്ള കടിശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുവാൻ ഒരു സമയക്രമം നിശ്ചയിച്ച് അത് എത്രയും വേഗം സഭയിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

25. സീതാറാം ടെക്സ്റ്റൈയിൽസ് ലിമിറ്റഡ്

ശിപാർശ

സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 80)

സ്വീകരിച്ച നടപടി

സീതാറാം ടെക്സ്റ്റൈൽസിന്റെ 2015-16 വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ പകർപ്പുകൾ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് കഴിഞ്ഞ്, സി. & എ. ജി. കമന്റ്സ് ലഭിച്ചു. ധനകാര്യ വകുപ്പിന്റെ കമന്റ്സ് വേണ്ട എന്നറിയിച്ചിട്ടുണ്ടെന്നും 6-2-2019-ന് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ജനറൽ ബോഡി മീറ്റിംഗിൽ വാർഷിക റിപ്പോർട്ട് അംഗീകാരത്തിനു സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായും സീതാറാം ടെക്സ്റ്റൈൽസ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

നിലവിൽ സീതാറാം ടെക്സ്റ്റൈൽസിന്റെ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

26. മലബാർ സിമന്റ്സ് ലിമിറ്റഡ്

ശിപാർശ

മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടിയന്തരമായി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 83)

സ്വീകരിച്ച നടപടി

മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ 2017-18 വർഷത്തെ റിപ്പോർട്ട് മാത്രമാണ് കൂടിശികയുള്ളത്.

നിലവിൽ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

27. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കടിശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 85)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2017-18 വർഷത്തെ റിപ്പോർട്ട് മാത്രമാണ് കടിശികയുള്ളത്.

നിലവിൽ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2022-23 വരെയുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

28. കേരള സെറാമിക്സ് ലിമിറ്റഡ്

ശിപാർശ

കേരള സെറാമിക്സ് ലിമിറ്റഡിന്റെ 2015-16 മുതലുള്ള എല്ലാ റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 87)

സ്വീകരിച്ച നടപടി

കേരള സെറാമിക്സ് ലിമിറ്റഡിന്റെ റിപ്പോർട്ടുകൾ കടിശികയില്ല.

കേരള സെറാമിക്സ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ടും സ്റ്റേറ്റ്മെന്റും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

29. കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

ശിപാർശ

കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 89)

സ്വീകരിച്ച നടപടി

കേരള ഖാദി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

30. കെൽട്രോൺ

ശിപാർശ

കെൽട്രോണിന്റെ 2014-15, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 91)

സ്വീകരിച്ച നടപടി

കെൽട്രോണിന്റെ 2015-16 വരെയുള്ള വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകൾ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നെന്ന വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു.

നിലവിൽ കെൽട്രോണിന്റെ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

31. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK)

ശിപാർശ

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 93)

സ്വീകരിച്ച നടപടി

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ (സിൽക്ക്) (2016-2017) സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 18.12.2018-ന് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

32. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഏറ്റവും കൂടുതൽ കടിശിക വരുത്തുന്ന ഒരു സ്ഥാപനമാണിതെന്നും അത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാക്കണമെന്നും വ്യവസായ വകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദേശിക്കുന്നു.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14 മുതലുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ഒരു കർമ്മപദ്ധതി തയ്യാറാക്കി സമിതിയിൽ സമർപ്പിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ 2013-14 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 95, 96)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14 വർഷത്തെ വാർഷിക റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2014-15 വർഷത്തെ സി & എ.ജി. ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട് എന്നാൽ കമന്റ്സ് കിട്ടിയില്ല. 2015-16 വർഷത്തെ ബ്രാഞ്ച് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട് (പുതിയ പ്രോജക്ടുകളുടെ ഒഴികെ). എന്നാൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടില്ല. 2016-17 വർഷത്തെ ബ്രാഞ്ച് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട് (പുതിയ പ്രോജക്ടുകളുടെ ഒഴികെ). 2017-18 വർഷത്തെ ഇന്റേണൽ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട് (പുതിയ പ്രോജക്ടുകളുടെ ഒഴികെ). 2018-19 വർഷത്തെ Q2 വരെ ഇന്റേണൽ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട് (പുതിയ പ്രോജക്ടുകളുടെ ഒഴികെ).

നിലവിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2019-20 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

33. SAIL-SCL കേരള ലിമിറ്റഡ്

ശിപാർശ

SAIL-SCL കേരള ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 99)

സ്വീകരിച്ച നടപടി

സെയിൽ - എസ്.സി.എൽ. കേരള ലിമിറ്റഡിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 20.12.2017-ന് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

നിലവിൽ SAIL-SCL കേരള ലിമിറ്റഡിന്റെ 2019-20 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

സമിതിയുടെ പൊതുവായ ശിപാർശകൾ

1. ശിപാർശ

നിയമസഭയിൽ സമർപ്പിക്കുന്നതിന് റിപ്പോർട്ടുകൾ സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടും നിയമസഭയിലേക്ക് ലഭ്യമാക്കാത്തതു സംബന്ധിച്ച് വ്യവസായ വകുപ്പ് സെക്രട്ടറി നേരിട്ട് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും കാലതാമസപത്രികയിൽ ഇവ വിശദമാക്കിയിരിക്കണമെന്നും സമിതി നിർദേശിക്കുന്നു.

(ഖണ്ഡിക- 102)

സ്വീകരിച്ച നടപടി

വ്യവസായ (ഇ) വകുപ്പ്

കയർ വികസന വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം തന്നെ അവയുടെ വാർഷിക കണക്കുകൾ ഫൈനലൈസ് ചെയ്ത് ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ടുകൾ സമർപ്പിച്ചുകൊണ്ട് കടിശികകൾ തീർക്കണമെന്ന ലക്ഷ്യത്തോടെ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും കൃത്യമായി നൽകിയിട്ടുണ്ട്. കടിശിക റിപ്പോർട്ടുകൾ ഒരുമിച്ച് തയ്യാറാക്കി, കാലതാമസം നേരിട്ടതിന്റെ വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്താതെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടുള്ളത് കാരണം കാലതാമസ പത്രിക തയ്യാറാക്കുന്നതിനും റിപ്പോർട്ട് ഉടൻ തന്നെ നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിനും കഴിയാതെ വന്നിട്ടുണ്ട്. നേരിട്ട കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമായി റിപ്പോർട്ട് ചെയ്യാൽ മാത്രമേ കാലതാമസ പത്രിക വസ്തുനിഷ്ഠമായി ഭരണ വകുപ്പിന് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഒരു സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം ഓഡിറ്റ് പൂർത്തിയാക്കി വാർഷിക പൊതുയോഗം അംഗീകരിച്ച കണക്കുകളും റിപ്പോർട്ടും സർക്കാരിൽ ലഭ്യമാക്കാൻ പൊതുമേഖലാ സ്ഥാപനത്തിന് ബാധ്യതയുണ്ട്. അങ്ങനെ കഴിയാത്ത പക്ഷം കാലതാമസം നേരിട്ടതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കി റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം സമർപ്പിക്കുന്ന വിവരങ്ങൾ പരിശോധിച്ച് ന്യായയുക്തം എന്ന് ബോധ്യമായ ശേഷം മാത്രമേ

തുടർനടപടികളിലേയ്ക്ക് കടക്കാൻ ഭരണ വകുപ്പ് എന്ന നിലയിൽ സാധിക്കുകയുള്ളൂ. ഇക്കാരണങ്ങൾ കൊണ്ട് കാലതാമസ പത്രിക സൂക്ഷ്മമായി തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക വഴി ചില സ്ഥാപനങ്ങളുടെ വാർഷിക കണക്കുകളും റിപ്പോർട്ടും ഉടൻ സമർപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. എന്നാൽ കയർ വകുപ്പ് സെക്രട്ടറി 27-12-2018 തീയതിയിൽ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ മേധാവിമാരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ അവലോകന യോഗത്തിൽ മേൽ വിഷയത്തിൽ വ്യക്തമായ നിർദേശങ്ങൾ നൽകിയതിനെത്തുടർന്ന് ഈ സ്ഥിതിയിൽ മാറ്റം വരികയുണ്ടായി. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വാർഷിക റിപ്പോർട്ട് സമർപ്പണത്തിൽ കുടിശികയെല്ലാം തീർക്കുകയും മറ്റു സ്ഥാപനങ്ങൾ ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. ശിപാർശ

ഭരണ വകുപ്പിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് അവ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി ചീഫ് സെക്രട്ടറി തലത്തിൽ ഏർപ്പെടുത്തണമെന്നും ഇതിന്റെ പുരോഗതി സമിതിയെ അറിയിക്കണമെന്നും നിർദേശിക്കുന്നു.

(ഖണ്ഡിക- 103)

സ്വീകരിച്ച നടപടി

പാർലമെന്ററികാര്യ (ബി) വകുപ്പ്

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2016-19)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 103, 109, 111-ലെ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി തലത്തിൽ 2-1-2019-ൽ പാ.കാ.വ.-ബി2/245/2018-പാ.കാ.വ. പ്രകാരം ഒരു സർക്കുലർ പുറപ്പെടുവിച്ച് സമിതി നിർദേശങ്ങൾ പാലിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.)

3. ശിപാർശ

നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറം ചട്ടയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ചട്ടത്തിലെ ഏതു ചട്ടം വകുപ്പ പ്രകാരമാണ് പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതെന്ന് രേഖപ്പെടുത്തണമെന്ന് സമിതി നിർദേശിക്കുന്നു.

(ഖണ്ഡിക- 105)

സ്വീകരിച്ച നടപടി

ഊർജ്ജ (എ) വകുപ്പ്

കമ്മീഷൻ സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ടിന്റെ പുറം ചട്ടയിൽ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 182 പ്രകാരം നിയമസഭയിൽ സമർപ്പിക്കേണ്ടത് എന്ന രേഖപ്പെടുത്താവുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടിൽ കമ്മീഷൻ ഇക്കാര്യം രേഖപ്പെടുത്തിയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

4. ശിപാർശ

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റിന് ചുമതലപ്പെടുത്തുന്നവർ ആഡിറ്റ് കൃത്യസമയത്ത് പൂർത്തീകരിക്കുന്നുവെന്നുറപ്പു വരുത്തുവാനും വീഴ്ച വരുത്തുന്നവരെ കരിമ്പട്ടികയിൽപെടുത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ആഡിറ്റർമാരെ ചുമതലപ്പെടുത്തുമ്പോൾത്തന്നെ സമയക്രമം നിശ്ചയിച്ച് അതനുസരിച്ച് ആഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദേശിക്കുന്നു.

(ഖണ്ഡിക- 107)

സ്വീകരിച്ച നടപടി

വ്യവസായ (കെ) വകുപ്പ്

കശുവണ്ടി വികസന കോർപ്പറേഷന്റെ ഓഡിറ്റ് സമയബന്ധിതമായി നിലവിൽ ഓഡിറ്റർമാർ പൂർത്തിയാക്കുന്നുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് സമിതിയുടെ മുൻപാകെ സമർപ്പിക്കുന്നതാണ്.

വ്യവസായ (ജി) വകുപ്പ്

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് ചുമതല്പെടുത്തുന്നവർ ഓഡിറ്റ് കൃത്യസമയത്ത് പൂർത്തീകരിക്കുമെന്നുറപ്പു വരുത്തുവാനും വീഴ്ച വരുത്തുന്നവരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതുൾപ്പടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ഓഡിറ്റർമാരെ ചുമതലപ്പെടുത്തുമ്പോൾത്തന്നെ സമയക്രമം നിശ്ചയിച്ച് അതനുസരിച്ച് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തണമെന്നുമുള്ള സമിതി നിർദേശം സ്ഥാപന മേധാവികളെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റിങ്ങിൽ വീഴ്ച വരുത്തുന്ന ഓഡിറ്റർമാരെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിനെ യഥാസമയം അറിയിക്കണമെന്ന നിർദേശവും നൽകിയിട്ടുണ്ട്.

വ്യവസായ (പി.എസ്) വകുപ്പ്

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് ഓഡിറ്റർമാരെ ചുമതലപ്പെടുത്തുമ്പോൾത്തന്നെ സമയക്രമം നിശ്ചയിച്ച് അതനുസരിച്ച് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്നും കൃത്യസമയത്ത് ഓഡിറ്റ് പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഓഡിറ്റർമാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും മേധാവികൾക്ക് വ്യവ-പി.എസ്/551/17/വ്യവ. തീയതി, 26.10.2018 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുവാൻ റിയാബിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യവസായ (കെ) വകുപ്പ്

സമയബന്ധിതമായി ഓഡിറ്റ് പൂർത്തീകരിക്കേണ്ടതിന്റെ പ്രാധാന്യം ഓഡിറ്റർമാരെ അറിയിച്ചിട്ടുണ്ടെന്നും ഇതിനായി ഓഡിറ്റർമാരെ നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

ഊർജ്ജ (എ) വകുപ്പ്

ഇന്റേണൽ ആഡിറ്റർമാരെ നിയോഗിക്കുന്ന കരാറിൽ ഇതിനാവശ്യമായ വ്യവസ്ഥകൾ ചേർക്കാവുന്നതും സമയക്രമമനുസരിച്ച് ആഡിറ്റ് പൂർത്തിയാക്കാൻ നിർദേശം നൽകാവുന്നതുമാണ്

വ്യവസായ (ഇ) വകുപ്പ്

സമിതിയുടെ ശിപാർശയുടെ വെളിച്ചത്തിൽ കയർ വികസന വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് ചുമതലപ്പെടുത്തുമ്പോൾ ഓഡിറ്റ് കൃത്യസമയത്ത് പൂർത്തീകരിക്കുന്നുവെന്നുറപ്പുവരുത്തുവാനും വീഴ്ചവരുത്തുന്നവരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ഓഡിറ്റർമാരെ ചുമതലപ്പെടുത്തുമ്പോൾത്തന്നെ സമയക്രമം നിശ്ചയിച്ച് അതനുസരിച്ച് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചുകൊണ്ട് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 31-10-2018-ലെ കത്തിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

5. ശിപാർശ

സ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് വാർഷിക പൊതുയോഗം കൃത്യമായി ചേരുന്നതിനും യോഗത്തിൽ റിപ്പോർട്ടുകൾ കൃത്യസമയത്ത്

സഭയിൽ സമർപ്പിക്കേണ്ടതിന്റെ ആവശ്യകത യോഗത്തെ അറിയിക്കേണ്ടതും ഡയറക്ടർ ബോർഡിലുള്ള ഭരണ/ധന വകുപ്പുദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണെന്നും ഇത് നിർവ്വഹിക്കുന്നുണ്ടെന്നുറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക-108)

സ്വീകരിച്ച നടപടി

വ്യവസായ (ബി) വകുപ്പ്

വാർഷിക ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് വാർഷിക പൊതുയോഗം കൃത്യമായി ചേരുന്നതും റിപ്പോർട്ടുകൾ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ഗൗരവമായി കണ്ട് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. സമിതിയുടെ ശിപാർശ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, തുടർനടപടി സ്വീകരിക്കുന്നതിനും, കെ.എസ്.ഐ.ഇ യുടെ അടുത്ത ബോർഡ് യോഗത്തിൽ അജണ്ട ഐറ്റമായി ഉൾക്കൊള്ളിച്ച് ചർച്ച ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യവസായ (ജി) വകുപ്പ്

സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കാനും, വാർഷിക പൊതുയോഗം സമയബന്ധിതമായി നടത്താനും കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സമയബന്ധിതമായി അവലോകന യോഗങ്ങൾ നടത്തുകയും, കടിശ്ശിക റിപ്പോർട്ടുകൾ ഉള്ള കമ്പനികൾക്ക് പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്.

വ്യവസായ (സി) വകുപ്പ്

സ്ഥാപനങ്ങളുടെ വാർഷിക/ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് വാർഷിക പൊതുയോഗം കൃത്യമായി ചേരുന്നതിനും യോഗത്തിൽ റിപ്പോർട്ടുകൾ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കേണ്ടതിന്റെ ആവശ്യകത യോഗത്തെ അറിയിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചിട്ടുള്ള വിവരം സ്ഥാപന മേധാവികളെ അറിയിച്ചിട്ടുണ്ട്.

വ്യവസായ (കെ) വകുപ്പ്

സമിതിയുടെ നിർദ്ദേശം കൃത്യമായി പാലിക്കുന്നതാണ്.

ഇത് സംബന്ധിച്ച് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യവസായ (ഇ) വകുപ്പ്

കയർ വികസന വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കമ്പനി നിയമം അനുശാസിക്കുന്ന വിധം കൃത്യമായി വാർഷിക പൊതുയോഗങ്ങൾ ചേരുന്നുണ്ട്. സ്റ്റാറ്റ്യൂട്ടറി

ഓഡിറ്റിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ അവരുടെ ഓഡിറ്റ് നടപടികൾ കൃത്യമായി പൂർത്തിയാക്കി റിപ്പോർട്ട് ഡയറക്ടർ ബോർഡിന് സമർപ്പിച്ചാൽ മാത്രമേ വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച് അംഗീകാരം നേടാനും തുടർന്ന് അച്ചടി പൂർത്തിയാക്കി വാർഷിക റിപ്പോർട്ടും കണക്കുകളും സർക്കാരിൽ സമർപ്പിക്കാനും സ്ഥാപനങ്ങൾക്ക് കഴിയുകയുള്ളൂ. ഓഡിറ്റിന് ചുമതലപ്പെടുത്തുന്നവർ ഓഡിറ്റ് കൃത്യസമയത്ത് പൂർത്തീകരിക്കുന്നുവെന്നുറപ്പുവരുത്തുവാനും വീഴ്ചവരുത്തുന്നവരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും 31.10.2018-ലെ കത്തിലൂടെ സർക്കാർ കയർ പൊതുമേഖലാ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

6. ശിപാർശ

ഭരണ വകുപ്പിൽ നിലനിൽക്കുന്ന ഉത്തരവാദിത്വമില്ലായ്മയെ സമിതി നിശിതമായി കുറ്റപ്പെടുത്തുകയും ഇതൊഴിവാക്കുന്നതിന് ചീഫ് സെക്രട്ടറിതലത്തിൽ വകുപ്പ് സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശം നല്കി ഇത്തരം ഉത്തരവാദിത്വമില്ലായ്മ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും കൃത്യമായ ഇടവേളകളിൽ ഇതിനാവശ്യമായ യോഗങ്ങൾ ബഹു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തി ആയതിന്റെ വിശദമായ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക-109)

സ്വീകരിച്ച നടപടി

പാർലമെന്ററികാര്യ (ബി) വകുപ്പ്

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2016-19)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 103, 109, 111-ലെ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി തലത്തിൽ 02/01/2019-ൽ പാ.കാ.വ-ബി2/245/2018-പാ.കാ.വ പ്രകാരം ഒരു സർക്കുലർ പുറപ്പെടുവിച്ച് സമിതി നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

7. ശിപാർശ

പ്രവർത്തനം നിലച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ച വർഷം വരെയുള്ള കണക്കുകൾ പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കണമെന്നും ആസ്തിബാദ്ധ്യതകൾ കൈമാറ്റം ചെയ്തത് സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-110)

സ്വീകരിച്ച നടപടി

വ്യവസായ (ജി) വകുപ്പ്

പ്രവർത്തനം നിലച്ച 15 കമ്പനികളിൽ 7 കമ്പനികൾ മാത്രമേ നിലവിലുള്ളൂ. മറ്റ് 8 കമ്പനികളെയും രജിസ്ട്രാർ ഓഫ് കമ്പനീസ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്തു. പ്രവർത്തന രഹിതമായ കമ്പനികളിൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ല. കമ്പനികളുടെ ക്രയവിക്രയങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. ആയതിനാൽ അക്കൗണ്ടുകൾ നിഷ്ക്രിയമാണ്. പ്രവർത്തനം നിലച്ച കമ്പനികളുടെ ആസ്തിയും ബാധ്യതകളും കൈമാറ്റം ചെയ്തതിന്റെ വിവരം **അനുബന്ധം - II** ആയി ചേർക്കുന്നു.

8. ശിപാർശ

ഓരോ വകുപ്പിന് കീഴിലും പുതുതായി ആരംഭിക്കുന്ന പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെ വിശദാംശം കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ സമിതിയെ അറിയിക്കുകയും അത്തരം സ്ഥാപനങ്ങളുടെ ത്രൂപീകരണത്തിന് ആധാരമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 111)

സ്വീകരിച്ച നടപടി

വ്യവസായ (കെ) വകുപ്പ്

ഈ വകുപ്പിന് കീഴിൽ പുതുതായി സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. നിലവിലുള്ള സ്ഥാപനങ്ങൾക്ക് കാലാകാലങ്ങളിൽ ആവശ്യാനുസരണമുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

പാർലമെന്ററികാര്യ (ബി) വകുപ്പ്

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-19)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 103, 109, 111-ലെ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി തലത്തിൽ 2-1-2019-ൽ പാ.കാ.വ-ബി2/245/2018-പാ.കാ.വ. പ്രകാരം ഒരു സർക്കുലർ പുറപ്പെടുവിച്ച് സമിതി നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യവസായ (ജി) വകുപ്പ്

വ്യവസായ വകുപ്പിന് കീഴിൽ പുതുതായി ആരംഭിച്ച കേരള റബ്ബർ ലിമിറ്റഡിന്റെ 2021-22 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

വ്യവസായ (കെ) വകുപ്പ്

ബഹു. സമിതിയുടെ നിർദ്ദേശം കൃത്യമായി പാലിക്കുന്നതാണ്.

വ്യവസായ (എച്ച്) വകുപ്പ്

പൊതുമേഖലാ സ്ഥാപനങ്ങൾ ഓഡിറ്റ് കൃത്യസമയത്ത് പൂർത്തീകരിക്കാനും വീഴ്ച വരുത്തുന്ന ഓഡിറ്റർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ഓഡിറ്റർമാരെ ചുമതലപ്പെടുത്തുമ്പോൾ സമയക്രമം നിശ്ചയിച്ച് അതനുസരിച്ച് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിനും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യവസായ (ഇ) വകുപ്പ്

കയർ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് എന്നിവയാണ്. കയർ വ്യവസായവുമായി ബന്ധപ്പെട്ട് പൊതുമേഖലയിൽ മേൽപ്പറഞ്ഞവയ്ക്കു പുറമെ പുതിയ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

ഭാഗം - 2

സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാകാനുള്ളത്

1. കേരള സ്റ്റേറ്റ് ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

കേരള സ്റ്റേറ്റ് ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന വിശദമായ മറുപടി സമിതിയെ താമസംവിനാ അറിയിക്കണമെന്ന് നിർദേശിക്കുന്നു.

(ഖണ്ഡിക - 13)

2. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

ശിപാർശ

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 15)

3. ആസ്സൽ വാച്ചസ് ലിമിറ്റഡ്

ശിപാർശ

ആസ്സൽ വാച്ചസ് ലിമിറ്റഡിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രവർത്തനം നിലച്ച വർഷം വരെയുള്ള ആസ്തി ബാധ്യതകൾ സംബന്ധിച്ചും ഇവ ഏതെല്ലാം രീതിയിൽ ക്രമീകരിച്ചു എന്നതു സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക - 17)

4. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ശിപാർശ

സമിതിയിൽ നിന്നും അധികവിവരവും മറ്റും ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ കത്തുകളയച്ചിട്ടും മേൽ പരാമർശിച്ച കാര്യങ്ങളൊന്നും തന്നെ സമിതിയെ അറിയിച്ചില്ലെന്ന അനാസ്ഥ വകപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്നതായി വിലയിരുത്തിയ സമിതി ഉത്തരവാദിത്തപ്പെട്ട വിഷയത്തിൽ നിയമസഭാ സമിതി ആരായുന്ന കാര്യങ്ങൾക്ക് മറുപടി നൽകുന്നതിന് എന്തെങ്കിലും ഔദ്യോഗിക തടസ്സങ്ങളോ മറ്റ് ബുദ്ധിമുട്ടുകളോ ഉണ്ടെങ്കിൽ അക്കാര്യം സമിതിയെ അറിയിക്കണമെന്നും ഇതുവരെയുള്ള അധികവിവര സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് സെക്രട്ടറി തലത്തിൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ടും നല്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക - 37)

5. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)

ശിപാർശ

KEL-ന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 81)

6. സമിതിയുടെ പൊതുവായ ശിപാർശകൾ

ശിപാർശ

വാർഷിക റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട് എന്നിവയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തേണ്ടതെന്ന വ്യക്തമായ നിർദ്ദേശം സ്ഥാപനങ്ങൾക്ക് നല്കണമെന്നും

അതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടെന്ന് വ്യവസായ വകുപ്പ് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ലഭ്യമാക്കുന്ന റിപ്പോർട്ടിലെ ഉള്ളടക്കവും റിപ്പോർട്ടിന്റെ പുറംചട്ടയിലെ രേഖപ്പെടുത്തലും ഒന്നുതന്നെയാണെന്നുറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ചുമതലയാണെന്നും ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 104)

നിയമസഭയുടെയും നിയമസഭാ സമിതിയുടെയും പ്രാധാന്യം ഉൾക്കൊള്ളാതെയാണ് വകുപ്പുകൾ പെരുമാറുന്നതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ പ്രവർത്തനം ഫലപ്രദമായി വിനിയോഗിക്കുന്നതിനും റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കുന്നത് ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി (2019-20) ഒന്നാമത് റിപ്പോർട്ട് തയ്യാറാക്കിയത്. എന്നാൽ പ്രസ്തുത റിപ്പോർട്ടിലെ 13, 15, 17, 37, 81, 102, 109, 111 എന്നീ ശിപാർശകൾക്ക് നിരവധി കത്തുകളയച്ചിട്ടും വ്യവസായ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കുകയോ അവ കൃത്യമായി പാലിക്കുകയോ ചെയ്തതായി കാണുന്നില്ല. വ്യവസായ വകുപ്പിന്റെ ഇത്തരം സമീപനത്തിൽ നിന്നും വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സമിതി റിപ്പോർട്ടുകളോട് നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതായി സമിതി വിലയിരുത്തുന്നു. സമിതി റിപ്പോർട്ടുകളോടും നിർദ്ദേശങ്ങളോടും ശിപാർശകളോടുമുള്ള സർക്കാർ വകുപ്പുകളുടെ അവഗണനാ മനോഭാവത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

പി. സി. വിഷ്ണുനാഥ്,
അദ്ധ്യക്ഷൻ,
മേശപ്പുറത്തുവച്ച കടലാസുകൾ
സംബന്ധിച്ച സമിതി

തിരുവനന്തപുരം
2024 ജൂലൈ 10

വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	സമർപ്പിച്ച അവസാനത്തെ റിപ്പോർട്ട്
1	2	3
1	ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്	2022-23-ലെ വാർഷിക റിപ്പോർട്ട്
2	കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)	2021-22-ലെ വാർഷിക റിപ്പോർട്ട്
3	തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡ്	2018-19-ലെ വാർഷിക റിപ്പോർട്ട്
4	കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്	2021-22 -ലെ വാർഷിക റിപ്പോർട്ട്
5	ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്	2021-22 -ലെ വാർഷിക റിപ്പോർട്ട്
6	കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്	2021-22 -ലെ വാർഷിക കണക്കുകൾ
7	കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്	2020-21 -ലെ ആഡിറ്റ് റിപ്പോർട്ട്
8	ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്	2019-20-ലെ വാർഷിക റിപ്പോർട്ട്
9	കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്	2014-15-ലെ വാർഷിക റിപ്പോർട്ട്

1	2	3
10	കേരള സ്റ്റേറ്റ് പാമിറ പ്രോഡക്ട്സ് ഡെവലപ്മെന്റ് & വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ (കെൽപാം)	2018-19 -ലെ വാർഷിക റിപ്പോർട്ട്
11	കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	2022-23-ലെ വാർഷിക റിപ്പോർട്ട്
12	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	2021-22 -ലെ വാർഷിക റിപ്പോർട്ട്
13	കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്	2021-22 -ലെ വാർഷിക റിപ്പോർട്ട്
14	കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്	2021-22 -ലെ വാർഷിക റിപ്പോർട്ട്
15	കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്	2020-21-ലെ വാർഷിക റിപ്പോർട്ട്. (2018-19, 2019-20 വർഷത്തെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല
16	ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്	2020-21-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും
17	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്	2020-21-ലെ വാർഷിക റിപ്പോർട്ട്
18	ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്	2019-20 -ലെ വാർഷിക റിപ്പോർട്ട്
19	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്	2021-22 -ലെ വാർഷിക റിപ്പോർട്ട്
20	കേരള ഓട്ടോകാസ്റ്റ് ലിമിറ്റഡ്	2021-22 -ലെ വാർഷിക റിപ്പോർട്ട്

1	2	3
21	കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ്	2022-23-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും
22	കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)	2016-17-ലെ ആഡിറ്റ് റിപ്പോർട്ട്
23	സീതാറാം ടെക്സ്റ്റൈയിൽസ് ലിമിറ്റഡ്	2020-21-ലെ വാർഷിക റിപ്പോർട്ട്
24	മലബാർ സിമന്റ്സ് ലിമിറ്റഡ്	2021-22-ലെ വാർഷിക റിപ്പോർട്ട്
25	കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്	2022-23 -ലെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും
26	കേരള സെറാമിക്സ് ലിമിറ്റഡ്	2021-22-ലെ വാർഷിക റിപ്പോർട്ട്
27	കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്	2020-21 -ലെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും
28	കെൽട്രോൺ	2020-21 -ലെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും
29	സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് (SILK)	2021-22 -ലെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും
30	കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്	2020-21-ലെ വാർഷിക റിപ്പോർട്ട്
31	SAIL-SCL കേരള ലിമിറ്റഡ്	2019-20-ലെ വാർഷിക റിപ്പോർട്ട്
32	കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ)	

കേരള സർക്കാർ

പാ.കാ.വ-ബി2/245/2018-പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 02/01/2019

സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് - മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-19) - ഒന്നാമത് റിപ്പോർട്ട് -പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ/ ഓഡിറ്റ് / വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നത്- നിർദ്ദേശം - സംബന്ധിച്ച്

സൂചന : നിയമസഭാ സെക്രട്ടറിയുടെ 19/04/2018-ലെ 1665/സി.പി.എൽ1/2018 നി.സെ നമ്പർ കത്ത്

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ/ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളായിരിക്കെ ഏത് റിപ്പോർട്ടാണെന്നോ, ഏത് ചട്ടപ്രകാരമാണ് തയ്യാറാക്കിയതെന്നോ, ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിലാണോ എന്നീ കാര്യങ്ങൾ ഒന്നും ഭരണ വകുപ്പുകൾ ശ്രദ്ധിക്കുന്നില്ല എന്നത് മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യങ്ങളിൽ ഭരണ വകുപ്പിൽ നിലനിൽക്കുന്ന ഉത്തരവാദിത്വമില്ലായ്മ സമിതി നിശിതമായി കുറ്റപ്പെടുത്തുകയും ഇതൊഴിവാക്കുകയും ചെയ്യണമെന്നുള്ള മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ടിലെ പൊതുശിപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭരണ വകുപ്പിൽ ലഭിയ്ക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് അവ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി വകുപ്പ് സെക്രട്ടറി തലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

2. കൃത്യമായ ഇടവേളകളിൽ വകുപ്പ് സെക്രട്ടറി തലത്തിൽ അവലോകന യോഗങ്ങൾ നടത്തി നടപടി റിപ്പോർട്ട് നിയമസഭയ്ക്ക് സമയപരിധിയ്ക്കകം ലഭ്യമാക്കേണ്ടതാണ്.

3. ഓരോ വകുപ്പിനു കീഴിലും പുതുതായി ആരംഭിക്കുന്ന പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടേയും വിശദാംശം കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ സമിതിയെ അറിയിക്കുകയും അത്തരം സ്ഥാപനങ്ങളുടെ രൂപീകരണത്തിന് ആധാരമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി നിയമസഭയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

4. ഇത് സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി/ സെക്രട്ടറിമാരുമായുള്ള യോഗത്തിൽ നടപടി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

5. ഭരണറിപ്പോർട്ടുകൾ തയ്യാറാക്കുന്ന കാര്യത്തിൽ പൊതുഭരണ (ഏ.ആർ.) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കേണ്ടതാണ്.

6. മേൽ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ ബന്ധപ്പെട്ട മന്ത്രിമാരുടെ ഉത്തരവിനായി സമർപ്പിക്കുമ്പോൾ റിപ്പോർട്ടുകളുടെ പൂർണ്ണത ഉറപ്പു വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാണ്.

ടോം ജോസ് IAS
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Details of Transfer of Assets and liabilities of Non-operational PSUs

#	Company	Whether Striked off or not?	Status
1	Kerala Soaps & Oils Ltd West Hill, Calicut	Yes	6.19 acres of land given to Tourism Department for setting up State Institute of Hospitality Management. 3.37 acres of land transferred to KINFRA. 2.07 acres of land at Veliayil handed over to KSIE for setting up a new soap unit.
2	Kerala State Salicylates & Chemicals Ltd Kazhakuttom	Yes	Assets and liabilities transferred to SIDCO for starting TELECOM CITY. (Now given for green field Stadium)
3	The Metropolitan Engineering Company Ltd West Thampanoor, Trivandum	Yes	Assets and liabilities transferred to KSIE for Industrial Development
4	Kerala Construction Components Ltd K.R.Puram, Cherthala	Yes	Assets and liabilities transferred to KSIDC for industrial purpose.
5	Kerala State Industrial Prod Trading Corp	Yes	Assets & Liabilities transferred to Kerala Special Refractories Ltd
6	Scooters Kerala Ltd Vadackal P.O. Alappuzha -688 003	Yes	Assets transferred to Co-operative Academy for Professional Eductaion (CAPE).
7	Travancore Plywood Industries Ltd P.B.No.3, Punalur - 691 305	Yes	Assets and liabilities transferred to KINFRA for industrial use.
8	The Chalakkudy refractories Ltd. Railway Station Road, Chalakkudy	Yes	Assets and liabilities transferred to Kerala Special Refractories Ltd as part of liquidation.
9	Kerala Garments Ltd. Thillery Road, Kannur	No	Assets and liabilities transferred to HANVEEV. Applied under EES 2011 but application rejected due to objection from Statutory auditor
10	Kerala State Detergents & Chemicals Ltd, Civil Station,Uphill, Malappuram	No	Assets transferred to KINFRA for Industrial Development Application filed before RoC as per the Fast Track Exit Scheme and pending for approval.
11	SIDKEL Television Ltd	No	Assets and liabilities transferred to SIDCO
12	Kerala Special Refractories Ltd. Kowdiar, Trivandrum	No	Assets and liabilities transferred to CAPE & C-Dact (25 Acre to CAPE & 5 Acre to C-Dact)

	Keltron Counters Ltd. Chavadimukku, Sreekariyam, Thiruvananthapuram	No	Land transferred to Gulati Institute of Finance and Taxation (GIFT). The accounts of the company till 2014 was audited by the Statutory Auditors and adopted by the board. The Board has taken decision to apply of Easy Exit from the Register of the Registrar of Companies through the Fast Track Exit Scheme. File pending with Industries Department for issuing NOC.	
14	Keltron Power Devices Ltd, Shornur Road, Athani P O, Thrissur	No	Official Liquidator took possession o the assets of the company on 29/5/2006	The case in the Hon'ble High Court of Kerala is still pending and the possession of the assets and liabilities are with the Official Liquidator.Keltron filed a petition for directions as to transfer the properites of the companies to KELTRON. The Hon'ble High Court has ordered to file a project proposal for reviving the companies and thereby taking over the properties. Proposal for starting a Solar Panel Manufacturing unit in the property was forwarded to Govt with recommendation of RIAB
15	Keltron Rectifiers Ltd Athani, Thrissur	No	Official Liquidator took possession o the assets of the company on 15/12/2005	

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.